<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 451</u> <u>30-01-2024 - ൽ മറുപടിയ്ക്ക്</u>

<u>മെഡിസെപ്പ് പദ്ധതി പ്രകാരം ചികിത്സ ആനുകൂല്യങ്ങൾ ഉറപ്പ് വരുന്നതിന് നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് പദ്ധതി പ്രകാരം വൃക്കരോഗികൾക്ക് എന്തെല്ലാം തരത്തിലുള്ള ചികിത്സാ ചെലവുകളാണ് ലഭിച്ച് വരുന്നതെന്ന് വിശദമാക്കുമോ; | (എ) | **മെഡിസെപ്പ് പദ്ധതി പ്രകാരം വൃക്കരോഗികൾക്ക് പദ്ധതിയുടെ പാക്കേജ് പ്രകാരമുള്ള ചികിത്സകൾ അടിസ്ഥാന പരിരക്ഷയിൽ നിന്നും വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്ക് കോർപ്പസ് ഫണ്ടിൽ നിന്നും പാക്കേജ് പ്രകാരമുള്ള തുക അനുവദിക്കുന്നതാണ്. ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ 23.06.2022 സ.ഉ.(പി)നം. 70/2022/ധന ഉത്തരവിലെ അനുബന്ധത്തിലും മെഡിസെപ്പിന്റെ വെബ്സൈറ്റിലെ 'പാക്കേജസ് മെനുവിലും ലഭ്യമാണ്.** |
| (ബി) | ഈ പദ്ധതി പ്രകാരം വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തേണ്ടി വരുന്ന സാഹചര്യത്തിൽ ഡയാലിസിസ് ചാർജ്ജ് മാത്രമേ ലഭിയ്ക്കുന്നുള്ളൂവെന്നും ഡയലൈസർ, ബ്ലഡ് ട്യൂബിംഗ് സെറ്റ്, മറ്റ് അനുബന്ധ ചികിത്സാചെലവുകൾ എന്നിവ ലഭിയ്ക്കാറില്ലെന്നുമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം രോഗികളായ ജീവനക്കാരും പെൻഷനായവരും വളരെ പ്രയാസമനുഭവിയ്ക്കേണ്ടി വരുന്നുണ്ടെന്നത് അനുഭാവപൂർവ്വം പരിശോധിക്കുമോ; വിശദമാക്കുമോ; | (ബി) | ഇല്ല |
| (സി) | വിവിധ രോഗങ്ങളാൽ പ്രയാസമനുഭവിയ്ക്കുന്ന ജീവനക്കാരും പെൻഷനായവരും സമാനമായ രീതിയിൽ ഉന്നയിച്ചിട്ടുള്ള പരാതികളിന്മേൽ പരിശോധന നടത്തി പരമാവധി ചികിത്സ ആനുകൂല്യങ്ങൾ മെഡിസെപ്പ് പദ്ധതി പ്രകാരം ഉറപ്പ് വരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | **ഇപ്രകാരം പരാതികൾ ലഭ്യമാകുന്ന മുറയ്ക്ക് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ നടത്തിവരാറുള്ള ദ്വൈവാര അവലോകനയോഗത്തിൽ ചർച്ച ചെയ്ത് നടപടികൾ ശിപാർശ ചെയ്ത് ആയത് കൈക്കൊള്ളുവാൻ കമ്പനിയ്ക്ക് നിർദ്ദേശം നൽകി വരാറുണ്ട്.** |

സെക്ഷൻ ഓഫീസർ